# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3382 20/06/2018-ൽ മറുപടിക്ക്

## ശുദ്ധജല തടാകമായ വെള്ളായണി കായൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | വെള്ളായണി കായലിൽ നിന്ന് ഏതൊക്കെ ശുദ്ധജല പദ്ധതികൾക്കാണ് വെള്ളം കൊണ്ടുപോകുന്നത്; | (എ) | വെള്ളായണി കായലിൽ നിന്ന് താഴെപ്പറയുന്ന ശുദ്ധജല പദ്ധതികൾക്കാണ് വെള്ളം ഉപയോഗിക്കുന്നത്.<br>1. കല്ലിയൂർ വെങ്ങാനൂർ പഞ്ചായത്തുകൾക്കും തിരുവനന്തപുരം കോർപ്പറേഷനിൽ ഉൾപ്പെട്ട വിഴിഞ്ഞം പ്രദേശത്തിനും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി- 21.9 ദശലക്ഷം ലിറ്റർ ശേഷിയുള്ളത്.<br>2. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ടിനും (VISIL) സമീപപ്രദേശങ്ങൾക്കും വേണ്ടിയുള്ള 3.30 ദശലക്ഷം ലിറ്റർ ശേഷിയുള്ള പദ്ധതി. |
| (ബി) | കായലിലേക്ക് വെള്ളം എത്തിക്കൊണ്ടിരിക്കുന്ന തോടുകളും അരുവിയും പുന:രുജ്ജീവിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | കായലിന്റെ സ്വാഭാവിക ആവാസവ്യവസ്ഥക്ക് കോട്ടം തട്ടാത്ത വിധം വെള്ളായണി കായൽ നോട്ടിഫൈഡ് തണ്ണീർത്തടങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ സഹായത്തോടെ സമഗ്രമായ സംരക്ഷണം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | കൃഷിക്കായി സ്വകാര്യ വ്യക്തികൾക്ക് പട്ടയം നൽകിയിട്ടുള്ള കായൽ ഭൂമി ആവശ്യമായ നഷ്ടപരിഹാരം നൽകി തിരിച്ചെടുക്കുമോ; | (സി) | വെള്ളായണി കായൽ പ്രദേശത്ത് ജലവിതാനത്തിനടിയിൽപ്പെട്ടുപോയ പട്ടയഭൂമി ഉടമസ്ഥരായ കർഷകർക്കുള്ള നഷ്ടപരിഹാരം നൽകുന്ന വിഷയം ചർച്ച ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16-05-2017 ൽ വിളിച്ച ചേർത്ത യോഗത്തിൽ പ്രസ്തുത പട്ടയഭൂമി സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചു. ഇതിനായി പ്രസ്തുത പ്രദേശം സർവ്വേ നടത്തി സർക്കാരിനെ അറിയിക്കുവാൻ ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകുകയും സർവ്വേ രേഖകൾ ലഭിക്കുന്ന മുറയ്ക്ക് ഇത് സംബന്ധിച്ച തുടർനടപടികൾ ജലവിഭവം, റവന്യൂ, ധനകാര്യം എന്നീ വകുപ്പുകൾ ചേർന്ന് സ്വീകരിക്കുവാനും യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ശുദ്ധജല തടാകമായ വെള്ളായണി കായലിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ കർശന നടപടി സ്വീകരിക്കുമോ? | (ഡി) | മാലിന്യം കായലിൽ നിക്ഷേപിക്കുന്നവർക്കെതിരെ നിലവിലുള്ള നിയമപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**